# Desabhimani
# 18 July 2018
# Kochi ; Heavy Rain, Train Traffic



## കനത്ത മഴ: ട്രെയിൻ ഗതാഗതം താളം തെറ്റി

**കൊച്ചി**

കനത്ത മഴയിൽ സംസ്ഥാനത്തെ വിവിധഭാഗങ്ങളിൽ വെള്ളപ്പൊക്കവും മണ്ണിടിച്ചിലുമുണ്ടായതോടെ ട്രെയിൻ ഗതാഗതം താളം തെറ്റി. കോട്ടയം ചിങ്ങവനത്ത് റെയിൽവേ ട്രാക്കിൽ മരം വീണ് ഗതാഗതം പൂർണമായി മുടങ്ങി. കൊല്ലം എറണാകുളം മെമു അഞ്ച് മണിക്കൂർ വൈകിയാണ് സർവീസ് നടത്തിയത്. വിവിധ ട്രെയിനുകൾ മുളന്തുരുത്തി, തൃപ്പൂണിത്തുറ, ഇടപ്പള്ളി, കളമശേരി സ്റ്റേഷനുകളിൽ പിടിച്ചിട്ടു. എറണാകുളം □ കായംകുളം സെക്ഷനിൽ പാലങ്ങളും ട്രാക്കുകളും ഉദ്യോഗസ്ഥ സംഘമെത്തി പരിശോധിച്ച ശേഷമാണ് സർവീസുകൾ പുനരാരംഭിച്ചത്. ചെന്നൈ എക്സ്പ്രസ് 23 മിനിറ്റും എറണാകുളം ഷൊർണൂർ പാസഞ്ചർ 12 മിനിറ്റും ന്യൂഡൽഹി □ തിരുവനന്തപുരം കേരള എക്സ്പ്രസ് 2.44 മണിക്കൂറും കന്യാകുമാരി □ബംഗളൂരു ഐലൻഡ് എക്സ്പ്രസ് ഒന്നര മണിക്കൂറും വൈകി. കോഴിക്കോട് തിരുവനന്തപുരം ജനശതാബ്ദി രണ്ടര മണിക്കൂർ വൈകി. കണ്ണൂർ എറണാകുളം ഇന്റർസിറ്റി അരമണിക്കൂറും വൈകി. തിരുവനന്തപുരം ഹസ്റത്ത് നിസാമുദ്ദീൻ സുവർണ ജയന്തി 50 മിനിറ്റ് വൈകി.